# കാർഷിക ഗവേഷണ കേന്ദ്രം നൂറുമേനിയിൽ



► മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിലെ നേഴ്സറി

**തൃശൂർ >** കാർഷിക യന്ത്ര ഗവേഷണരംഗത്ത് നേട്ടങ്ങളുടെ പട്ടികയുമായി മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രം നൂറാം വർഷത്തിലേക്ക്. ഗവേഷണ വിജയത്തിനൊപ്പം കർഷകരോടു ചേർന്ന് നൂറുമേനി വിജയം നേടാനായെന്നതാണ് പ്രത്യേകത. രാജ്യത്തിനു മാതൃകയായ ഭക്ഷ്യസുരക്ഷാസേന പിറവിയെടുത്തത് ഈ കേന്ദ്രത്തിലാണ്. നിരവധി പേർക്ക് തൊഴിലവസരം ലഭിച്ചു. നിരവധി വിത്തിനങ്ങളും കേന്ദ്രത്തിൽ ഉൽപ്പാദിപ്പിച്ചു.

1917 മെയ് നാലിന് സർക്കാർ മേഖലയിൽ ആരംഭിച്ച ഒല്ലൂക്കര സെൻട്രൽ ഫാമാണ് കാർഷിക സർവകലാശാലയിലെ ഗവേഷണകേന്ദ്രമായത്. ഗവേഷണത്തിലൂടെ ഉരുത്തിരിഞ്ഞ നിരവധി സാങ്കേതികമുറകളുടെ പരിശോധനയും നെല്ല് ഗവേഷണവും അത്യുൽപ്പാദനശേഷിയുള്ള വിത്ത് നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും കേന്ദ്രത്തിൽ നിർവഹിക്കുന്നു. കോൾനിലങ്ങൾക്കുവേണ്ടി സാങ്കേതിക വിദ്യകൾ വികസിപ്പിച്ചെടുക്കുന്നു. ഹ്രസ്വ, അഹല്യ, മനുപ്രിയ എന്നീ മൂന്നിനം നെൽവിത്തുകളും പുറത്തിറക്കി.

കാർഷിക യന്ത്രവൽക്കരണത്തിന് മുഖ്യസ്രോതസ്സായി പ്രവർത്തിക്കുന്ന ഈ കേന്ദ്രത്തിൽ ഭക്ഷ്യ സുരക്ഷാസേനയ്ക്കൊപ്പം ഹരിത കുട്ടിപ്പട്ടാളം, കാർഷികയന്ത്ര സേവന കേന്ദ്രങ്ങൾ എന്നീ മാതൃകാപ്രസ്ഥാനങ്ങൾക്ക് രൂപംനൽകി. 250നുമേലെ ഭക്ഷ്യസുരക്ഷാസേന സംഘങ്ങൾക്ക് പരിശീലനം നൽകി. ഓപ്പറേഷൻ പൊന്നുമുത, യന്ത്രവൽകൃത വൈക്കോൽകെട്ട് വിപ്ലവം എന്നീ പരിപാടികളും നടപ്പാക്കി. തെങ്ങുകയറ്റയന്ത്രം, പത്തുപയോഗങ്ങളുള്ള ടില്ലർ, ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കാനാവുന്ന റിമോട്ട് ടില്ലർ തുടങ്ങിയ യന്ത്രങ്ങൾ വികസിപ്പിച്ചു.

മനുശ്രീ പടവലം, മനുലക്ഷ്മി, മനുപ്ര എന്നീ തക്കാളി, പച്ചക്കറി ഇനങ്ങൾ സംഭാവനകളാണ്. ശീതകാല പച്ചക്കറികൾ വ്യാപകമായി കൃഷിചെയ്യുന്നതിനുള്ള സാങ്കേതികപരിജ്ഞാനവും കാർഷിക മുറകളും വികസിപ്പിച്ചു. കുമ്പളം, പാവൽ തുടങ്ങിയ പച്ചക്കറികളിൽ സങ്കരയിനങ്ങൾ വികസിപ്പിക്കുന്നുണ്ട്. പച്ചക്കറിയിലെ തൈനടീൽ സമ്പ്രദായം, ഒട്ടുതൈ സമ്പ്രദായം എന്നീമുറകളും ഉരുത്തിരിച്ചെടുത്തു. രണ്ടുകോടി വിലമതിക്കുന്ന നടീൽവസ്തുക്കളാണ് പ്രതിവർഷം ഈ കേന്ദ്രം ഉൽപ്പാദിപ്പിക്കുന്നത്. നെല്ല്, തെങ്ങ്, പയർ, കിഴങ്ങ് തുടങ്ങീ കൃഷികളുടെ അഭിവൃദ്ധിക്കായി നിരവധി പദ്ധതികൾ നടത്തി. പ്രവർത്തന മികവ് കണക്കിലെടുത്ത് സംസ്ഥാന സർക്കാർ ഈ കേന്ദ്രത്തെ കാർഷിക യന്ത്രവൽക്കരണത്തിന്റെ വിജ്ഞാന വ്യാപനം, ഗവേഷണം വികസനം എന്നിവയുടേയും ഹൈടെക് ഹോർട്ടികൾച്ചർ ആൻഡ് കൃത്യതാകൃഷിയുടേയും മികവിന്റെ കേന്ദ്രങ്ങളാക്കി അംഗീകരിച്ചു. ഇവിടെ പ്രവർത്തിക്കുന്ന ബൗദ്ധിക സ്വത്തവകാശ സെല്ലിന്റെ പ്രവർത്തനം ദേശീയ അംഗീകാരം നേടിയിട്ടുണ്ട്. 2017ൽ കേന്ദ്രം ശതാബ്ദി പിറന്നാൾ ആഘോഷിക്കുമ്പോൾ പുതിയ നാല് നെൽവിത്തിനങ്ങൾ, സങ്കരയിന പച്ചക്കറി ഇനങ്ങൾ, സൗഹൃദ കാർഷികയന്ത്രങ്ങൾ എന്നിവ കാർഷിക സമൂഹത്തിന് സമർപ്പിക്കും.

2016ൽ തുടങ്ങിയ ആഘോഷങ്ങളുടെ സമാപന സമ്മേളന ഉദ്ഘാടനം ശനിയാഴ്ച രാവിലെ പത്തിന് കേന്ദ്രത്തിൽ മന്ത്രി അഡ്വ. വി എസ് സുനിൽകുമാർ നിർവഹിക്കും. അഡ്വ. കെ രാജൻ എംഎൽഎ അധ്യക്ഷനാവും. കാർഷിക സർവകലാശാല വൈസ് ചാൻസലർ ടിക്കാ റാം മീണ മുഖ്യപ്രഭാഷണം നടത്തും.

Deshabhimani
21.12.17